C 21278 (Pages : 2) Name..................................

Reg. No..............................

# SIXTH SEMESTER B.A. DEGREE EXAMINATION, MARCH 2017

(CUCBCSS)

Malayalam

## MAL 6B 12—ഗദ്യസാഹിത്യം

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 ലഭ്യമായവയിൽ ഏറ്റവും പഴക്കമുണ്ടെന്ന് കരുതപ്പെടുന്ന ശാസനമേത് ?

2 ഭാഷാസംക്രമണ വാദത്തിൻെറ ഉപജ്ഞാതാവാര് ?

3 അർത്ഥശാസ്ത്രത്തിന് ആദ്യമായി വിവർത്തനമുണ്ടായ ഭാരതീയ ഭാഷയേത് ?

4 മലയാളം അച്ചടിക്കാരനായി നിർമ്മിച്ച ആദ്യഅച്ചുകൂടം.

5 ഭാരതീയ ഭാഷകളിലുണ്ടായ ആദ്യത്തെ യാത്രാവിവരണ കൃതിയേത് ?

6 'പുല്ലേലിക്കുഞ്ചു' ആദ്യമായി പ്രസിദ്ധീകരിച്ച മാസികയേത് ?

7 കേരളവർമ്മ വലിയകോയിത്തമ്പുരാൻ 'അക്ബർ' പ്രസിദ്ധീകരിച്ച വർഷമേത് ?

8 "കേരള ഭാഷയുടെ വികാസ പരിണാമങ്ങൾ"—രചിച്ചതാര് ?

9 എം.ടി. കുഞ്ഞുണ്ണി എഴുതിയ 'ദേവജി ഭീമജി' ഏതു സാഹിത്യവിഭാഗത്തിൽപ്പെടുന്നു ?

10 കെ.പി. കേശവമേനോൻ രചിച്ച ആത്മകഥയേത് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 ഹിന്ദു ഗദ്യം (Hindu Prose) എന്നാലെന്ത് ?

12 നാല് ചെപ്പേടുകളുടെ പേരെഴുതുക.

13 C.M.S., B.M.S., L.M.S.—ഇവയുടെ പൂർണ്ണരൂപം കുറിക്കുക.

14 'ആട്ടപ്രകാര'ത്തിൻെറ പ്രാധാന്യമെന്ത് ?

15 'തിരമൊഴി'—പ്രത്യേകതയെന്ത് ?

(5 × 2 = 10 marks)

Turn over

III. ഓരോന്നിനും ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

16 "ലീലാതിലകകാരൻ നമ്പ്യാന്തമിഴിനു കല്പിക്കുന്ന പല സവിശേഷതകളും ഒത്തിണങ്ങിയ കൃതിയാണ് അംബരീഷോപാഖ്യാനം"—സമർത്ഥിക്കുക.

17 കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ 'മൃഗയാസ്മരണകൾ' എന്തെല്ലാം ?

18 'സാഹിത്യഭാഷയുടെ മുഴക്കോൽ' എന്ന ഉപന്യാസത്തിലൂടെ മുണ്ടശ്ശേരി മുന്നോട്ടു വയ്ക്കുന്ന ആശയമെന്ത് ?

19 "അതറിയാത്ത ജന്മം എന്തൊരു ജന്മം ! വന്ധ്യമായ ജന്മംതന്നെ !"—വിശദമാക്കുക.

20 മനുഷ്യനെ അവന് ഇഷ്ടമുള്ള വഴിയിലൂടെ നയിച്ച് വിശ്രമസ്ഥാനത്ത് എത്തിയ്ക്കുന്ന ഒന്നാണ് കവിതയെന്ന് സ്ഥാപിക്കാൻ കുറ്റിപ്പുഴ നിരത്തുന്ന വാദങ്ങളെന്തെല്ലാം ?

21 എം.ആർ.ബി.ക്ക് ചിന്തിക്കാനും എഴുതാനുമുള്ള പ്രേരണ ലഭിക്കാനിടയായ സാഹചര്യമെന്ത് ?

22 "ആ വികൃതമായ വിഗ്രഹം കണ്ടപ്പോൾ ഇക്കാലത്ത് പല ക്ഷേത്രങ്ങൾക്കും വന്നു ചേരാറുള്ള ദുര്യോഗത്തെക്കുറിച്ച് ഓർത്തുപോയി"—ഈ ചിന്തയുടെ അടിസ്ഥാനമെന്ത് ?

(5 × 5 = 25 marks)

IV. ഓരോന്നിനും മുന്നൂറു വാക്കിൽ കവിയാതെ നാല് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക :

23 എ.ഡി. 13-ാം നൂറ്റാണ്ട് വരെയുള്ള മലയാള ഗദ്യത്തിന്റെ ഭാഷാപരമായ പ്രത്യേകതകൾ വിവരിക്കുക.

24 മലയാള ഗദ്യവികാസത്തിന് മിഷണറിമാർ നല്കിയ സംഭാവനകൾ ക്രോഡീകരിക്കുക.

25 ആധുനിക ഗദ്യത്തിന്റെ വികാസ പരിണാമങ്ങൾ സോദാഹരണം വിശകലനം ചെയ്യുക.

26 കൂട്ടായ്മയിലധിഷ്ഠിതമായ ഒരു പുതിയ ഗോത്രസംസ്കൃതിക്ക് ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ കളമൊരുക്കുന്നു എന്നു പറയാൻ കാരണമെന്ത് ?

27 മാനകവൽക്കരണം ഭാഷയുടെ പരിണാമങ്ങളെ സ്വാധീനിച്ചിട്ടുണ്ടോ ? സ്വമതം സ്ഥാപിക്കുക.

28 ആധുനിക മലയാള ഭാഷയിലെ അന്യഭാഷാ സ്വാധീനം എപ്രകാരമെന്ന് നിർണ്ണയിക്കുക.

(4 × 10 = 40 marks)